(ബി) ഇതിനുവേണ്ടി ആരുടെ കെട്ടിടമാണ് വാടകയ്ക്ക് എടുത്തതെന്നും എന്തു വാടകയാണ് നിശ്ചയിച്ചതെന്നും വെളിപ്പെടുത്താമോ ;

(സി) എന്നത്തേക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിടം വാടകയ്ക്ക് എടുത്തിട്ടില്ല.

(സി) എത്രയും വേഗം ഇതിന്റെ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വടക്കഞ്ചേരി ടൗണിൽ ലാഭം സ്റ്റോർ ആരംഭിക്കാൻ നടപടി

68 [1965] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ വടക്കഞ്ചേരി ടൗണിൽ ഒരു ലാഭം സ്റ്റോർ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) വടക്കഞ്ചേരി ടൗണിൽ ലാഭം സ്റ്റോർ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വടക്കഞ്ചേരിയിൽ അടിയന്തിരമായി ലാഭം സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

പുതുക്കോട് ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങാൻ നടപടി

69 [1966] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തിലുൾപ്പെട്ട പുതുക്കോട് ഗ്രാമ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ തുടങ്ങണമെന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) പുതുക്കോട് ഗ്രാമപഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ തുടങ്ങുന്ന കാര്യത്തിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത മാവേലി സ്റ്റോർ അടിയന്തിരമായി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതുക്കോട് പഞ്ചായത്തിലെ 1/291-എഫ് നമ്പർ കെട്ടിടത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് പാലക്കാട് റീജിയണൽ മാനേജർക്ക് 21-2-2005-ൽ അനുവാദം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സ്വീകരിക്കുന്നതാണ്.

മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും നിത്യോപയോഗ/ഭക്ഷ്യ സാധനങ്ങൾക്ക് ദൗർലഭ്യം നേരിടുന്നതിനെതിരെ നടപടി

70 [1967] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും നിത്യോപയോഗ സാധനങ്ങൾക്ക് ദൗർലഭ്യം നേരിടുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാധനങ്ങളുടെ പർച്ചേസ് നടത്തി അവ യഥാസമയം ലഭ്യമാക്കാനുള്ള അധികാര വികേന്ദ്രീകരണം മാവേലി സ്റ്റോർ നടത്തുന്ന ഷോപ്പ് മാനേജർ തലംവരെ നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly